✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1125

# സൂറ – 38 / സ്വാദ്

## സൂക്തം: 67 – 76

അല്ലാഹു വ്യത്യസ്തമായ ഗുണങ്ങളോടെ സൃഷ്ടിച്ച പദാർഥങ്ങളാണ് മണ്ണും അഗ്നിയും. സസ്യലതാദികളെ ഉളവാക്കി വളർത്തുന്നതും ജന്തുജാലങ്ങൾക്ക് പാർപ്പിടവും അന്നവുമൊരുക്കുന്നതും മണ്ണാണ്. അഗ്നിക്കുള്ളത് സംഹാരശേഷിയാണ്. ചൂടും പ്രകാശവുമാണ് അതിൽനിന്ന് ഇതര സൃഷ്ടികൾക്കു ലഭിക്കുന്ന പ്രയോജനം. രണ്ടും പരിധി കവിഞ്ഞാൽ ആപത്തുമാകുന്നു.

قُلْ هُوَ نَبَؤٌا۟ عَظِيمٌ ﴿٦٧﴾

67. പ്രവാചകൻ പറയുക: ഇതൊരു ഗുരുതരമായ സന്ദേശമാകുന്നു.

أَنتُمْ عَنْهُ مُعْرِضُونَ ﴿٦٨﴾

68. നിങ്ങളോ, അതിനെ അവഗണിച്ചു തള്ളുകയാണ്.

مَا كَانَ لِىَ مِنْ عِلْمٍۭ بِٱلْمَلَإِ ٱلْأَعْلَىٰٓ إِذْ يَخْتَصِمُونَ ﴿٦٩﴾

69. അത്യുന്നത സഭയെക്കുറിച്ച് എനിക്കൊരറിവുമുണ്ടായിരുന്നില്ല; അവർ ചർച്ച ചെയ്യുമ്പോൾ.

إِن يُوحَىٰٓ إِلَىَّ إِلَّآ أَنَّمَآ أَنَا۠ نَذِيرٌ مُّبِينٌ ﴿٧٠﴾

70. ഞാൻ വ്യക്തമായി മുന്നറിയിപ്പു നൽകുന്നവൻ മാത്രമാകുന്നു എന്നല്ലാതെ ഞാൻ ദിവ്യബോധനം ചെയ്യപ്പെടുന്നില്ല.

**67-70**

قُلْ = നീ (പ്രവാചകൻ) പറയുക; هُوَ نَبَأٌ عَظِيمٌ = അ(ഇ)ത് ഗുരുതരമായ വാർത്ത (സന്ദേശം) ആകുന്നു

أَنتُمْ = നിങ്ങൾ (ളോ); عَنْهُ مُعْرِضُونَ = അതിൽനിന്ന് പിന്തിരിഞ്ഞു പോകുന്നവരാകുന്നു (അവഗണിച്ചു തള്ളുകയാണ്)

مَا كَانَ لِيَ = എനിക്കുണ്ടായിരുന്നില്ല; مِنْ عِلْمٍ = യാതൊരറിവും

بِالْمَلَإِ الْأَعْلَىٰ = അത്യുന്നത പ്രമാണിമാരെ (സഭയെ) കുറിച്ച്

إِذْ يَخْتَصِمُونَ = അവർ പരസ്പരം തർക്കിക്കു(ചർച്ച ചെയ്യു)മ്പോൾ; إِن يُوحَىٰ إِلَيَّ = ഞാൻ ദിവ്യബോധനം ചെയ്യപ്പെടുന്നില്ല

إِلَّا أَنَّمَا أَنَا نَذِيرٌ مُّبِينٌ = ഞാൻ വ്യക്തമായ മുന്നറിയിപ്പു നൽകുന്നവൻ മാത്രമാകുന്നു എന്നല്ലാതെ

هُوَ (അത്, ഇത്, അവൻ, ഇവൻ) എന്ന സർവനാമം വചനാരംഭത്തിൽ ചേർത്തിരിക്കുന്നത് തുടർന്നു പറയുന്നതിന്റെ പ്രാധാന്യം സ്ഫുരിപ്പിക്കാനാകുന്നു. സഗൗരവം മനസ്സിലാക്കേണ്ട ഗുരുതരമായ ഒരു വാർത്തയാണ് പറയാൻ പോകുന്നത് എന്നാണ് ആശയം. ചിലരുടെ വീക്ഷണത്തിൽ 71-ാം സൂക്തം മുതൽ പറഞ്ഞു തുടങ്ങുന്ന സൃഷ്ടികഥയാണ് ഗുരുതരമായ വാർത്ത. മറ്റു വ്യാഖ്യാതാക്കളുടെ ദൃഷ്ടിയിൽ, മുത്തഖികളും ദൈവധിക്കാരികളും പരലോകത്ത് നേരിടുന്ന രക്ഷാശിക്ഷകളെക്കുറിച്ച് 49-ാം സൂക്തം മുതൽ പറഞ്ഞുവന്ന സംഗതികളെയാണ് هُوَ സൂചിപ്പിക്കുന്നത്. വാർത്തയും വിവരവും പ്രവചനവുമാണ് نَبَأٌ. സാന്ദർഭികമായി ചരിത്രം, സംഭവം, സന്ദേശം തുടങ്ങിയ അർഥങ്ങളും വഹിക്കും.

ഇഹപര ജീവിതത്തിന്റെ ജയാപജയങ്ങൾ നിർണയിക്കുന്ന ഗുരുതരമായ ഈ സന്ദേശം നിങ്ങൾ അവഗണിച്ചു തള്ളുകയാണ്. നിങ്ങൾ -أَنتُمْ- എന്ന് സംബോധന ചെയ്യുന്നത് പ്രഥമമായി പ്രവാചകന്റെ മുന്നിലുണ്ടായിരുന്ന ഖുറൈശികളെയാണ്. തുടർന്ന് ഈ വചനങ്ങൾ കേൾക്കുന്ന എല്ലാ അവിശ്വാസികളും അതിലുൾപ്പെടുന്നു.

مَلَإِ الْأَعْلَىٰ കൊണ്ടുദ്ദേശ്യം അഭൗതിക ലോകത്ത് കാര്യങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുന്ന മലക്കുകളാണ്. അത്യുന്നതർ അവരുടെ ചുമതലകൾ നിർവഹിക്കുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനെയാണ് يَخْتَصِمُونَ എന്നു പറഞ്ഞിരിക്കുന്നത്. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചു തുടങ്ങുന്ന സന്ദർഭത്തിൽ മലക്കുകൾ അല്ലാഹുവിനോടു സംവദിച്ചിരുന്നു. വിചാരണാ നാളിലും മലക്കുകൾ തമ്മിലും മലക്കുകളും മനുഷ്യരും തമ്മിലും സംവാദമുണ്ടായിരിക്കും. വിചാരണാ നാളിൽ ശിർക്കിന്റെയും കുഫ്റിന്റെയും നേതാക്കളും അനുയായികളും തമ്മിൽ നടക്കുന്നതായി നേരത്തേ സൂചിപ്പിച്ച തർക്കമാണ് ഉദ്ദേശ്യമെന്നും അഭിപ്രായമുണ്ട്. ആദ്യത്തെ രണ്ടു വ്യാഖ്യാനം نَبَأٌ عَظِيمٌ. വിചാരണാ സഭയായാലും ഉൽപത്തി കഥയായാലും അതിനോട്ടു യോജിക്കുന്നതാണ്. ഒടുവിൽ പറഞ്ഞ വ്യാഖ്യാനം نَبَأٌ عَظِيمٌ വിചാരണാ സഭയാണെങ്കിൽ മാത്രമേ യോജിക്കൂ.

പ്രവാചകൻ അവിശ്വാസികളെ ഉണർത്തുന്നതിതാണ്: നിങ്ങൾക്കറിയാവുന്നതുപോലെ ഞാൻ ഈ ഭൂമിയിൽ ജീവിക്കുന്ന ഒരു മനുഷ്യനാണ്. അഭൗതിക ലോകത്തെ അത്യുന്നതരായ മലക്കുകളെക്കുറിച്ചൊന്നും എനിക്ക് ഒന്നും അറിയില്ലായിരുന്നു. അവർ ചർച്ച ചെയ്യുന്നതൊന്നും ഞാൻ കേട്ടിട്ടുമില്ല. ഞാനൊരിക്കലും നിങ്ങളോട് കളവു പറഞ്ഞിട്ടില്ലെന്ന് നിങ്ങൾക്കറിയാമല്ലോ. എന്നിരിക്കെ ഞാനീ അതിഭൗതിക ലോക വിവരങ്ങൾ അറിയുകയും നിങ്ങളോട് പറയുകയും ചെയ്യുന്നുവെങ്കിൽ അത് അല്ലാഹുവിങ്കൽനിന്ന് എനിക്ക് ദിവ്യബോധനം ലഭിക്കുന്നതുകൊണ്ട് തന്നെയാകുന്നു. അല്ലാഹു ദിവ്യബോധനം നൽകുന്നത് ഞാൻ നിങ്ങൾക്കൊരു തെളിഞ്ഞ മുന്നറിയിപ്പുകാരനാകുന്നതിനു വേണ്ടി മാത്രമാകുന്നു. ഞാനീ സന്ദേശം പ്രബോധനം ചെയ്യുന്നത് നിങ്ങൾ കഥകേട്ട് രസിക്കാനല്ല; പ്രത്യുത നിങ്ങളുടെ ഇഹപര ജീവിതം പാഴാക്കാതിരിക്കാനുള്ള മുന്നറിയിപ്പായിട്ടാണ് എന്ന ധ്വനിയുമുണ്ട് ഈ نَذِيرٌ എന്ന പദപ്രയോഗത്തിൽ. ●

---

إِذْ قَالَ رَبُّكَ لِلْمَلَٰٓئِكَةِ إِنِّى خَٰلِقٌۢ بَشَرًا مِّن طِينٍ ﴿٧١﴾

71. ഓർക്കുക, നിന്റെ നാഥൻ മലക്കുകളോടോതി: ഞാൻ മനുഷ്യനെ സൃഷ്ടിക്കാൻ പോകുന്നു.

فَإِذَا سَوَّيْتُهُۥ وَنَفَخْتُ فِيهِ مِن رُّوحِى فَقَعُوا۟ لَهُۥ سَٰجِدِينَ ﴿٧٢﴾

72. അവന്റെ സൃഷ്ടി പൂർത്തിയാക്കുകയും അവനിൽ എന്റെ ആത്മാവിൽനിന്ന് ഊതുകയും ചെയ്താൽ നിങ്ങളൊക്കെയും അവന്നു പ്രണാമം ചെയ്യണം.

فَسَجَدَ ٱلْمَلَٰٓئِكَةُ كُلُّهُمْ أَجْمَعُونَ ﴿٧٣﴾

73. അങ്ങനെ മലക്കുകളൊക്കെയും ഒരുമിച്ചു പ്രണാമം ചെയ്തു;

إِلَّآ إِبْلِيسَ ٱسْتَكْبَرَ وَكَانَ مِنَ ٱلْكَٰفِرِينَ ﴿٧٤﴾

74. ഇബ്‌ലീസ് ഒഴിച്ച്. അവൻ അഹങ്കരിച്ചു. അവൻ നിഷേധികളിൽ പെട്ടവനായിരുന്നു.

قَالَ يَٰٓإِبْلِيسُ مَا مَنَعَكَ أَن تَسْجُدَ لِمَا خَلَقْتُ بِيَدَىَّ ۖ أَسْتَكْبَرْتَ أَمْ كُنتَ مِنَ ٱلْعَالِينَ ﴿٧٥﴾

75. അല്ലാഹു ചോദിച്ചു: ഞാൻ എന്റെ കരങ്ങൾ കൊണ്ട് സൃഷ്ടിച്ചതിനു പ്രണാമം ചെയ്യാൻ നിന്നെ തടഞ്ഞതെന്താണ്? നീ അഹങ്കരിച്ചുവോ, അതോ; നീ ഔന്നത്യമുള്ളവരുടെ ഗണത്തിലായതാണോ?

قَالَ أَنَا۠ خَيْرٌ مِّنْهُ ۖ خَلَقْتَنِى مِن نَّارٍ وَخَلَقْتَهُۥ مِن طِينٍ ﴿٧٦﴾

76. ഇബ്‌ലീസ് പറഞ്ഞു: ഞാൻ അവനേക്കാൾ ശ്രേഷ്ഠനാകുന്നു. നീ എന്നെ അഗ്നിയിൽനിന്നും അവനെ കളിമണ്ണിൽനിന്നുമാണല്ലോ സൃഷ്ടിച്ചത്.

**71-76**

إِذْ قَالَ رَبُّكَ = ഓർക്കുക, നിന്റെ നാഥൻ ഓതി لِلْمَلَائِكَةِ = മലക്കുകളോട്

إِنِّي خَالِقٌ = ഞാൻ സൃഷ്ടിക്കു(ക്കാൻ പോകുന്നു)ന്നവനാകുന്നു بَشَرًا = മനുഷ്യനെ مِّن طِينٍ = കളിമണ്ണിൽനിന്ന്

فَإِذَا سَوَّيْتُهُ = ഞാൻ അവനെ സമീകരിച്ചാൽ (അവന്റെ സൃഷ്ടി പൂർത്തിയാക്കുകയും)
وَنَفَخْتُ فِيهِ = അവനിൽ ഊതുകയും ചെയ്താൽ مِن رُّوحِي = എന്റെ ആത്മാവിൽനിന്ന്
فَقَعُوا لَهُ سَاجِدِينَ = നിങ്ങൾ (ഒക്കെയും) അവന്ന് പ്രണാമം ചെയ്യു(വിൻ)ന്നവരായി ഭവിക്കുവിൻ
فَسَجَدَ الْمَلَائِكَةُ = അപ്പോൾ (അങ്ങനെ) മലക്കുകൾ പ്രണാമം ചെയ്തു
كُلُّهُمْ أَجْمَعُونَ = അവർ ഒക്കെയും ഒരുമി(ച്ച്)ച്ചവരായി إِلَّا إِبْلِيسَ = ഇബ്‌ലീസ് ഒഴിച്ച്
اسْتَكْبَرَ = അവൻ അഹങ്കരിച്ചു وَكَانَ مِنَ الْكَافِرِينَ = അവൻ നിഷേധികളിൽ പെട്ടവനായിരുന്നു
قَالَ = അവൻ പറഞ്ഞു (അല്ലാഹു ചോദിച്ചു) يَا إِبْلِيسُ = ഇബ്‌ലീസേ
مَا مَنَعَكَ أَن تَسْجُدَ = പ്രണാമം ചെയ്യാൻ നിന്നെ തടഞ്ഞതെന്താണ്?
لِمَا خَلَقْتُ بِيَدَيَّ = എന്റെ ഇരുകരങ്ങൾ കൊണ്ട് ഞാൻ സൃഷ്ടിച്ചതിന് أَسْتَكْبَرْتَ = നീ അഹങ്കരിച്ചുവോ
أَمْ كُنتَ مِنَ الْعَالِينَ = അതോ നീ ഔന്നത്യമുള്ളവരി(രുടെ ഗണത്തി)ൽ പെട്ടവനായതാണോ
قَالَ = അവൻ (ഇബ്‌ലീസ്) പറഞ്ഞു أَنَا خَيْرٌ مِّنْهُ = ഞാൻ അവനേക്കാൾ ശ്രേഷ്ഠനാകുന്നു
خَلَقْتَنِي مِن نَّارٍ = എന്നെ നീ അഗ്നിയിൽനിന്ന്(ും) സൃഷ്ടിച്ചു
وَخَلَقْتَهُ مِن طِينٍ = അവനെ നീ മണ്ണിൽനിന്നും സൃഷ്ടിച്ചു(ആണല്ലോ സൃഷ്ടിച്ചത്)

ഇവിടം മുതൽ മനുഷ്യോൽപത്തി അനുസ്മരിക്കുകയാണ്. മിക്കവാറും ഖുർആൻ മനുഷ്യോൽപത്തി പരാമർശിക്കുന്ന ആദ്യ സന്ദർഭമാണിത്. അവതരണക്രമപ്രകാരം ഇതിനു മുമ്പ് അവതരിച്ച സൂറകളിൽ ഉൽപത്തി പരാമർശിച്ചതായി കാണുന്നില്ല. ക്രോഡീകരണ ക്രമപ്രകാരം ഇതിനു മുമ്പ് *അൽബഖറ* മുതലുള്ള പല സൂറകളിൽ അതു പ്രതിപാദിക്കുന്നുണ്ട്. സൂറഃ *അൽബഖറ* 30-38 സൂക്തങ്ങളിൽ ആദമിന്റെ സൃഷ്ടിയും മലക്കുകളുടെ സന്ദേഹവും ഇബ്‌ലീസ് സുജൂദ് ചെയ്യാൻ വിസമ്മതിച്ചതും ആദമിനെ സ്വർഗത്തിൽനിന്ന് പുറത്താക്കാൻ വഴിയൊരുക്കിയതുമെല്ലാം വിവരിക്കുന്നുണ്ട്. പ്രസ്തുത സൂക്തങ്ങൾക്കു താഴെ *ഖുർആൻ ബോധനം* ആ കഥയും അതിലടങ്ങിയ പൊരുളുകളും സാമാന്യമായി സംഗ്രഹിച്ചിരിക്കുന്നു.

ഒരു നാൾ അല്ലാഹു മലക്കുകളെ വിളിച്ച് അരുൾ ചെയ്തു: ഞാൻ കളിമണ്ണിൽനിന്ന് മനുഷ്യനെ സൃഷ്ടിക്കാൻ പോകുന്നു. 'മനുഷ്യൻ' എന്ന സൃഷ്ടി അന്ന് മലക്കുകൾക്കു പരിചിതമായതുകൊണ്ടാവാം بَشَر എന്ന പദം ഉപയോഗിച്ചത്. രോമത്താൽ ആഛാദിതമല്ലാത്ത ചർമമാണ് മൗലികമായി بَشَر. അത് അത്തരം ചർമമുള്ള മനുഷ്യന്റെ പര്യായവുമാണ്. കളിമണ്ണുകൊണ്ട് എന്നല്ല കളിമണ്ണിൽനിന്ന് എന്നാണ് പറയുന്നത്. രാസ-പോഷക ഘടകങ്ങളെല്ലാം അടങ്ങിയ മണ്ണാണ് കളിമണ്ണ്. കളിമണ്ണിൽനിന്ന് സൃഷ്ടിച്ചു എന്നതിന് മണ്ണിലുള്ള രാസ-ജൈവ ഘടകങ്ങൾകൊണ്ട് സൃഷ്ടിച്ചു എന്നും അർഥമാവാം. ഇങ്ങനെയൊരു സൃഷ്ടിയെക്കുറിച്ച് അറിയിച്ചപ്പോൾ മലക്കുകളിൽ ചില സന്ദേഹങ്ങൾ ഉദിക്കുകയും അല്ലാഹു അതിനു മറുപടി കൊടുക്കുകയും ചെയ്തു.

അനന്തരം അവൻ മലക്കുകളോടു കൽപിച്ചു: മനുഷ്യന്റെ രൂപഘടന പൂർത്തിയാക്കി അതിൽ ആത്മാവ് ഊതിയാൽ നിങ്ങളെല്ലാവരും അവന്ന് പ്രണാമം ചെയ്യണം. فَإِذَا سَوَّيْتُهُ ....... سَاجِدِينَ എന്ന സൂക്തം ഇതേ വാക്കുകളിൽ തന്നെ *അൽഹിജ്ർ* 29-ാം സൂക്തമായി വന്നിരിക്കുന്നു. മലക്കുകൾ എല്ലാവരും ആദമിന്ന് പ്രണാമം ചെയ്തു. ഇബ്‌ലീസ് പക്ഷേ പ്രണാമം ചെയ്യാൻ കൂട്ടാക്കിയില്ല. അവൻ ആദമിനു പ്രണാമം ചെയ്യുന്നത് തനിക്ക് കുറച്ചിലായി കരുതി. അഗ്നിയിൽനിന്ന് സൃഷ്ടിക്കപ്പെട്ട താൻ ആദമിനേക്കാൾ മുന്തിയവനും ആദരണീയനുമാണ് എന്നായിരുന്നു ഇബ്‌ലീസിന്റെ നിലപാട്.

താൻ ആദമിനെ നമസ്കരിക്കണമെന്ന അല്ലാഹുവിന്റെ കൽപന ന്യായമല്ല, നീതിയുമല്ല. എന്തുകൊണ്ട് ആദമിനു സുജൂദ് ചെയ്തില്ല എന്നു ചോദിച്ചപ്പോൾ അവൻ നൽകിയ മറുപടിയിൽനിന്ന് അതു വ്യക്തമാണ്; 'നീ അഗ്നിയിൽനിന്ന് സൃഷ്ടിച്ച ഞാൻ മണ്ണിൽനിന്ന് സൃഷ്ടിച്ച അവനേക്കാൾ ശ്രേഷ്ഠനാണ്.' 17:61-ൽ അവൻ അല്ലാഹുവിനോട് ചോദിക്കുന്നു: أَأَسْجُدُ لِمَنْ خَلَقْتَ طِينًا -'നീ മണ്ണാൽ സൃഷ്ടിച്ചവനെ ഞാൻ നമസ്കരിക്കുകയോ?' അല്ലാഹുവിന്റെ നീതിയെയും യുക്തിജ്ഞാനത്തെയും ഈ വിധം ചോദ്യം ചെയ്യുന്നത് സത്യനിഷേധവും നന്ദികേടും - كُفْر- ആണ്.

ആദമിനു സുജൂദ് ചെയ്യാൻ കൽപിക്കപ്പെടുന്നതുവരെ ഇബ്‌ലീസ് അല്ലാഹുവിനെ അനുസരിക്കുകയും ആരാധിക്കുകയും മാത്രം ചെയ്യുന്ന മലക്കുകളുടെ ഗണത്തിലായിരുന്നു. അതുകൊണ്ടാണവൻ സുജൂദ് ചെയ്യാൻ കൽപിക്കപ്പെട്ട മലക്കുകളിൽ ഉൾപ്പെട്ടത്. അതിനു വിസമ്മതിച്ചതിലൂടെയാണവൻ കാഫിറാകുന്നത്. കുഫ്റ് അവനിൽ നേരത്തേ ഉണ്ടായിരുന്നു എന്നാണ് وَكَانَ مِنَ الْكَافِرِينَ എന്ന വാക്യം സൂചിപ്പിക്കുന്നത്. ഇതിനു നൽകപ്പെടുന്ന വിശദീകരണം ഇതാണ്: ഇബ്‌ലീസ് ജിന്നുകളിൽപെട്ടവനാണല്ലോ. മനുഷ്യരിലെന്നപോലെ ജിന്നുകളിലും അല്ലാഹു ധർമത്തിന്റേതും അധർമത്തിന്റേതുമായ വിരുദ്ധ പ്രവണതകൾ നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ ധർമപ്രവണതയെ വളർത്തുന്നവൻ രണ്ടു കൂട്ടരിലും വിശിഷ്ടൻ -مصلح ആകുന്നു. അധർമപ്രവണതയെ വളർത്തുന്നവൻ ദുഷ്ടനും -مُفسِد. ഇബ്‌ലീസിന്റെ അധർമപ്രവണതയെ അവൻ അമർത്തിക്കളഞ്ഞിരുന്നില്ല. അഹന്തയുടെയും വംശീയ ദുരഭിമാനത്തിന്റെയും രൂപത്തിൽ അവനിൽ കുടികൊള്ളുന്നുണ്ടായിരുന്നു. പരീക്ഷണങ്ങൾ നേരിടുമ്പോഴാണല്ലോ സ്വത്വത്തിലെ നന്മയും തിന്മയും വെളിപ്പെടുക. ആദം സൃഷ്ടിക്കപ്പെടുന്നതുവ

രെ ഇബ്‌ലീസിന്റെ ഉള്ളിലുണ്ടായിരുന്ന ദുഷ്പ്രവണതകള്‍ -كفر- വെളിപ്പെടാന്‍ അവസരം ലഭിച്ചില്ല. ആദമിന് സുജൂദ് ചെയ്യാന്‍ കല്‍പിക്കപ്പെട്ടപ്പോള്‍ അതുവരെ ഒളിച്ചിരുന്ന കുഫ്റ് അഹന്തയുടെയും വംശീയ ദുരഭിമാനത്തിന്റെയും രൂപത്തില്‍ പുറത്തു ചാടുകയായിരുന്നു. തന്റെ നിലപാടില്‍ പശ്ചാത്തപിക്കുകയോ മാപ്പു തേടുകയോ ചെയ്യാതിരുന്നതിലൂടെ ആ നിലപാട് തികഞ്ഞ കുഫ്റ് തന്നെയായിരുന്നുവെന്ന് സ്ഥിരപ്പെടുകയും ചെയ്തു. അല്ലാഹുവിന്റെ കല്‍പനകളെ ധിക്കരിക്കാന്‍ പ്രേരിപ്പിക്കുന്ന അഹന്തയും വംശീയതയും കുഫ്റാണെന്നും ഇതില്‍നിന്ന് വ്യക്തമാകുന്നു. അഹന്തയോടെ അല്ലാഹുവിന്റെ കല്‍പന ധിക്കരിച്ചപ്പോള്‍ ഇബ്‌ലീസ് മലക്കുകളുടെ ഗണത്തില്‍നിന്ന് മാറി കാഫിറുകളുടെ ഗണത്തിലായി എന്നാണ് പറയുന്നതെന്നും വ്യാഖ്യാനമുണ്ട്.

خَلَقْتُ بِيَدَيَّ– ഞാന്‍ എന്റെ രണ്ടുകരം കൊണ്ട് സൃഷ്ടിച്ചു- എന്നതിനര്‍ഥം അല്ലാഹുവിന് മനുഷ്യന്റേതുപോലെ രണ്ടു കരമുണ്ടെന്നും അവ പണിയെടുത്തുണ്ടാക്കിയതാണ് മനുഷ്യനെ എന്നുമല്ല. അല്ലാഹുവിന്റെ കര്‍മശേഷിയുടെയും സൃഷ്ടിവൈഭവത്തിന്റെയും രൂപകമായിട്ടാണ് ഖുര്‍ആന്‍ അല്ലാഹുവിന്റെ കരം പരാമര്‍ശിക്കുന്നത്. ഞാന്‍ എന്റെ അപാരമായ സൃഷ്ടിവൈഭവത്താല്‍ നേരിട്ടു സൃഷ്ടിച്ചു എന്നാണ് ഇവിടെ വിവക്ഷ. ചില സൃഷ്ടികളെ അവന്‍ كُن -ഭവിക്കുക- എന്ന ഒറ്റ ഉത്തരവിലൂടെ നേരിട്ടുളവാക്കുന്നു. ചില സൃഷ്ടികളുടെ കാര്യത്തില്‍ 'ഭവിക്കുക' എന്ന ഉത്തരവില്‍ ഭവിക്കാനുള്ള മാധ്യമങ്ങളും കാര്യകാരണ വ്യവസ്ഥയും സജ്ജീകരിക്കാന്‍ മലക്കുകളോടുള്ള കല്‍പനകൂടി ഉള്‍പ്പെട്ടിരിക്കും. അത്തരം സൃഷ്ടികള്‍ ആ പ്രക്രിയകളിലൂടെയും ഉളവാകുന്നു. عالى വ്യക്തിയുടെ ഗുണമാകുമ്പോള്‍ ഉയര്‍ന്നവന്‍, ഉന്നതന്‍, എല്ലാ നിയമങ്ങള്‍ക്കും നിയന്ത്രണങ്ങള്‍ക്കും അതീതന്‍ എന്നൊക്കെയാണ് വിവക്ഷ. ഒടുവില്‍ പറഞ്ഞതാണ് ഇവിടെ ഉദ്ദേശ്യം.

അഗ്നിയാല്‍ സൃഷ്ടിക്കപ്പെട്ട ഞാന്‍ മണ്ണിനാല്‍ സൃഷ്ടിക്കപ്പെട്ട ആദമിനേക്കാള്‍ ശ്രേഷ്ഠനാണെന്ന ഇബ്‌ലീസിന്റെ വാദത്തിന് അല്ലാഹു മറുപടി പറഞ്ഞതായി ഖുര്‍ആനില്‍ കാണുന്നില്ല. ആ വാദം മറുപടിയര്‍ഹിക്കാത്ത വണ്ണം നിരര്‍ഥകമായതുകൊണ്ടാണതെന്നാണ് പണ്ഡിതന്മാരുടെ നിലപാട്. അല്ലാഹു അവനെ ശപിക്കുകയും സ്വര്‍ഗത്തില്‍നിന്ന് പുറത്താക്കുകയും ചെയ്തതില്‍നിന്ന് അതു വ്യക്തമാണ്. സൃഷ്ടികള്‍ തമ്മില്‍ ശക്തിയിലും സൗന്ദര്യത്തിലും പ്രയോജനത്തിലും പ്രവര്‍ത്തന രീതിയിലുമൊക്കെ ഏറ്റക്കുറവുകളുണ്ട്. അതിന്റെ പേരില്‍ സൃഷ്ടികള്‍ പരസ്പരം ഊറ്റം കൊള്ളുകയും ഉച്ചനീചത്വം പുലര്‍ത്തുകയും ചെയ്യുന്നു. വാസ്തവത്തില്‍ ഓരോ സൃഷ്ടിയുടെയും ഗുണങ്ങള്‍ ഉയര്‍ന്നതായാലും താണതായാലും ആ സൃഷ്ടി ഉണ്ടാക്കുന്നതല്ല. മൗലികമായി എല്ലാം അല്ലാഹുവിന്റെ ദാനമാണ്. അല്ലാഹുവാണ് മലക്കിനെ മലക്കായും ജിന്നിനെ ജിന്നായും മനുഷ്യനെ മനുഷ്യനായും മൃഗത്തെ മൃഗമായും സൃഷ്ടിച്ചത്. അല്ലാഹുവിന്റെ സൃഷ്ടികള്‍ എന്ന നിലയില്‍ എല്ലാവരും അല്ലാഹുവിന്റെ മുമ്പില്‍ തുല്യരാണ്, അവന്റെ അടിമകളാണ്. ഓരോരുത്തരുടെയും കൈവശമുള്ളതൊക്കെയും യഥാര്‍ഥത്തില്‍ അല്ലാഹുവിന്റേതാണ്. തികവിന്റെയും മികവിന്റെയും പേരില്‍ അഹങ്കരിക്കാനര്‍ഹതയുള്ള ഏക അസ്തിത്വം അല്ലാഹുവാണ്. ഈ യാഥാര്‍ഥ്യം നിഷേധിച്ചുകൊണ്ടേ സൃഷ്ടിക്ക് അഹങ്കരിക്കാന്‍ കഴിയൂ. അതുകൊണ്ടാണ് അഹങ്കാരം കുഫ്റ് ആകുന്നത്.

അല്ലാഹു വ്യത്യസ്തമായ ഗുണങ്ങളോടെ സൃഷ്ടിച്ച പദാര്‍ഥങ്ങളാണ് മണ്ണും അഗ്നിയും. സസ്യലതാദികളെ ഉളവാക്കി വളര്‍ത്തുന്നതും ജന്തുജാലങ്ങള്‍ക്ക് പാര്‍പ്പിടവും അന്നവുമൊരുക്കുന്നതും മണ്ണാണ്. അഗ്നിക്കുള്ളത് സംഹാരശേഷിയാണ്. ചൂടും പ്രകാശവുമാണ് അതില്‍നിന്ന് ഇതര സൃഷ്ടികള്‍ക്കു ലഭിക്കുന്ന പ്രയോജനം. രണ്ടും പരിധി കവിഞ്ഞാല്‍ ആപത്തുമാകുന്നു. അഗ്നിക്ക് മണ്ണിനെപ്പോലെ സ്വയം നിലനില്‍പില്ല. തീ കത്താനും വെളിച്ചം പ്രസരിക്കാനും ഒരു മാധ്യമം- ഇന്ധനം വേണം. ഇബ്‌ലീസിനെ അഗ്നിയില്‍നിന്ന് സൃഷ്ടിച്ചു എന്നു പറയുന്നത് ഇബ്‌ലീസിന്റെ ഉല്‍പത്തി ആഗ്നേയ മൂലകത്തില്‍നിന്നാണ് എന്ന അര്‍ഥത്തിലാവാം, മനുഷ്യോല്‍പത്തി മണ്ണിന്റെ മൂലകത്തില്‍ നിന്നായതു പോലെ.

പൂര്‍വകാല തത്ത്വചിന്തകരും ഭിഷഗ്വരന്മാരും ഭൗമ ധാതുവിനേക്കാള്‍ ശ്രേഷ്ഠമാണ് ആഗ്നേയ ധാതു എന്നു വാദിച്ചിട്ടുണ്ട്. തീ സുതാര്യവും പ്രകാശമാനവും മണ്ണ് സാന്ദ്രതയേറിയതും അതാര്യവുമാകുന്നു എന്നാണവരുടെ ന്യായം. ഇതേപ്പറ്റി ശീറാസി തന്റെ *ശറഹു കുല്ലിയ്യാത്തില്‍ ഖാനൂനില്‍* പറയുന്നു: ''മേല്‍പറഞ്ഞ ന്യായങ്ങളാല്‍ അഗ്നി മണ്ണിനേക്കാള്‍ മികച്ചതാണ്. എന്നാല്‍ ജീവജാലങ്ങള്‍ക്കും സസ്യങ്ങള്‍ക്കും പ്രയോജനപ്പെടുന്നതിനാലും അതിന്റെ ശീതം നാശകരമല്ലാത്തതിനാലും മണ്ണാകുന്നു അഗ്നിയേക്കാള്‍ മികച്ചത്. അഗ്നി അങ്ങനെയല്ല. അതിന്റെ താപം അധികമായാല്‍ വിനാശകരമാകുന്ന മറ്റു ദോഷങ്ങളുമുണ്ട്.'' ശൈഖ് ഇബ്നു ആശൂര്‍ പറയുന്നു: ''മൂലകങ്ങളുടെ ശ്രേഷ്ഠത അതില്‍നിന്നുണ്ടാക്കുന്ന വസ്തുക്കളുടെ ശ്രേഷ്ഠതയെ തേടുന്നില്ല എന്നതാണ് യാഥാര്‍ഥ്യം. ഘടകങ്ങളില്ലാത്ത സൂക്ഷ്മ ദ്രവ്യങ്ങളാണ് മൂലകങ്ങള്‍. അതില്‍നിന്നു മാത്രമായി സൃഷ്ടി ഉണ്ടാകുന്നില്ല. പല അടിസ്ഥാന ധാതുക്കള്‍ സംഘടിതമാകുന്നതിലൂടെയാണ് സൃഷ്ടികളുണ്ടാകുന്നത്. മനുഷ്യശരീരം മണ്ണിന്റെ എല്ലാ ധാതുക്കളുടെയും സംഘാതമാണ്. ചൈതന്യാത്മകമായ സൂക്ഷ്മ പ്രതിഭാസമാണ് മനുഷ്യാത്മാവ്. അതു മനുഷ്യനെ മറ്റെല്ലാ ധാതു സംഘാതങ്ങളേക്കാള്‍ മികച്ചവനാക്കുന്നു. അവനില്‍ മലക്കുകള്‍ പങ്കുവെക്കുന്ന ഒരു 'മലക്കി'യായ അംശമുള്ളതിനാല്‍. അതുകൊണ്ടാണ് പരിശുദ്ധനും ഉന്നതനുമായ സ്രഷ്ടാവ് അവനോട് സ്വയം മലക്കുകളോട് ചേരാന്‍ ആവശ്യപ്പെട്ടത്. പ്രവാചകന്മാരിലും ദൈവദൂതന്മാരിലും ആ സംഗമം പൂര്‍ണമായി സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു. അക്കാരണത്താലത്രെ നാം പറഞ്ഞത്: ഇരുകൂട്ടരും ചൈതന്യത്തിന്റെ സാന്നിധ്യത്തില്‍ തുല്യരാണ്, എന്നാല്‍ അമ്പിയാ മുര്‍സലുകള്‍ മലക്കുകളേക്കാള്‍ ശ്രേഷ്ഠരാകുന്നു. കാരണം അവര്‍ ആ പദവി പ്രാപിക്കുന്നത് തികഞ്ഞ നിഷ്കളങ്കത കൊണ്ടും അല്ലാഹുവിനോടുള്ള അദമ്യമായ കീഴ്‌വണക്കം കൊണ്ടുമാകുന്നു. അത് അവരുടെ സവിശേഷതയാണ്. അതിനാല്‍ ആദമിനേക്കാള്‍ ശ്രേഷ്ഠത അവകാശപ്പെടാന്‍ ഇബ്‌ലീസിനു ന്യായമില്ല. അവന് ഒരു പിഴച്ച ആശയം തോന്നിയതായിരുന്നു. അതവനെ ആദമിനു സുജൂദ് ചെയ്യാന്‍ വിസമ്മതിപ്പിച്ചു. അവന്‍ അത്യുന്നത സഭ -مَلَإِ الأَعْلَى-യില്‍നിന്ന് ആട്ടിയോടിക്കപ്പെടുക എന്ന ശിക്ഷക്കു വിധേയനാവുകയും ചെയ്തു.'' ●